# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1233 13.06.2013-ൽ മറുപടിക്ക്**

**പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത ഗ്രാമീണ റോഡുകൾ**

| ചോദ്യം<br>ശ്രീ. മോൻസ് ജോസഫ് | മറുപടി<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പു മന്ത്രി) |
|---|---|
| (എ) പൊതുമരാമത്ത് വകുപ്പ് ഈ സാമ്പത്തിക വർഷം എത്ര കിലോ മീറ്റർ ഗ്രാമീണ റോഡുകളാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്; | (എ) നിലവിൽ പരിഗണനയിലില്ല. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര കിലോ-മീറ്റർ റോഡ് ഏറ്റെടുത്തിട്ടുണ്ട്, ഇവയുടെ മെയിന്റനൻസ് സർക്കാർ വഹിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) മറ്റു ജില്ലാ റോഡുകൾ വില്ലേജ് റോഡുകൾ എന്നീ വിഭാഗങ്ങളിൽപ്പെട്ട 8570 കി.മീ. റോഡുകൾ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സർക്കാർ തന്നെയാണ് വഹിക്കുന്നത്. |
| (സി) ഏറ്റെടുത്ത ഗ്രാമീണ റോഡുകൾക്ക് മറ്റ് ഏജൻസികളിൽ നിന്നും പുനരുദ്ധാരണത്തിന് സഹായം ലഭിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെ ഏജൻസിയാണ് സഹായം നൽകുന്നതെന്ന് വ്യക്തമാക്കാമോ? | (സി) പൊതുമരാമത്ത് വകുപ്പ് നിലവിൽ സഹായം സ്വീകരിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ